LIBRARY ARCHIVES Kerala Legislative Assembly

ടൂറിസ്റ്റ് കേന്ദ്രങ്ങളെ മാലിന്യമുക്തമാക്കാൻ നടപടി

57 (3998) ശ്രീ. എൻ. ശക്തൻ :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീമതി മെഴ്സി രവി :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കടൽ തീരത്തുള്ള ഏതെല്ലാം ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മാലിന്യജലവും മറ്റുമാലിന്യങ്ങളും തീരക്കടലിലേക്ക് ഒഴുക്കി വിടുന്നുണ്ട് ;

(ബി) ഇതുമൂലം ടൂറിസ്റ്റുകൾ പ്രസ്തുത കടൽതീര ടൂറിസ്റ്റ് കേന്ദ്രങ്ങളെ ഒഴിവാക്കാനിടയുണ്ടോ ;

(സി) തീരക്കടലിലേക്ക് മാലിന്യങ്ങൾ ഒഴുക്കിവിടുന്നത് പരിഹരിക്കാനായി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഈ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കരുതുന്നില്ല.

(സി) തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഈ കാര്യം പരിഹരിക്കുന്നതിന് ശ്രമിച്ചുവരുന്നു.

ടൂറിസ്റ്റുകളുടെ വരവിനെ സംബന്ധിച്ച പഠനം

58 (3999) ശ്രീ. ഡി. സുഗതൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ടൂറിസ്റ്റുകളുടെ വരവിലുണ്ടാകുന്ന വർദ്ധനവിനെപ്പറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പഠനം നടത്തിയതാരാണ് ;

(സി) വിനോദസഞ്ചാരികളുടെ സന്ദർശനംമൂലം വരുംകാലങ്ങളിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗത്ത് എന്തു വളർച്ചയുണ്ടാകുമെന്നും, എത്ര പേർക്ക് ഈ വ്യവസായം മുഖേന തൊഴിൽ കൊടുക്കാൻ കഴിയുമെന്നുമാണ് പ്രസ്തുത പഠനത്തിൽ കണ്ടെത്തിയിട്ടുള്ളത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) അന്താരാഷ്ട്രതലത്തിൽ പ്രവർത്തിക്കുന്ന വേൾഡ് ട്രാവൽ ആന്റ് ടൂറിസം കൗൺസിൽ ആണ് പ്രസ്തുത പഠനം നടത്തിയത്.

(സി) പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ വിനോദസഞ്ചാരികളുടെ സന്ദർശനംമൂലം വരുംകാലങ്ങളിൽ സംസ്ഥാനത്തിന്റെ സാമ്പത്തികരംഗത്ത് പ്രതിവർഷം 11.4 ശതമാനം വളർച്ച ഉണ്ടാകുമെന്ന് കണക്കാക്കിയിരിക്കുന്നു. കൂടാതെ, ഇതുമൂലം 2013-ാമാണ്ട് ആകുമ്പോഴേക്കും 22,21,370 പേർക്ക് തൊഴിൽ കൊടുക്കുവാൻ കഴിയുമെന്ന് കണക്കാക്കപ്പെടുന്നു.

ആഭ്യന്തര ടൂറിസ്റ്റുകൾക്കുവേണ്ടിയുള്ള പാക്കേജ്

59 (4000) ശ്രീ. എ. സുജനപാൽ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. വി. ബാലറാം :
ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രതിവർഷം എത്ര ഡൊമസ്റ്റിക് ടൂറിസ്റ്റുകൾ എത്തുന്നതായാണ് കണക്കാക്കിയിട്ടുള്ളത് ;

(ബി) ആഭ്യന്തര ടൂറിസ്റ്റുകൾക്കുവേണ്ടി എന്തെല്ലാം വിധത്തിലുള്ള പാക്കേജ് നിലവിലുണ്ട് ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രതിവർഷം 50 ലക്ഷത്തിലധികം ഡൊമിസ്റ്റിക് ടൂറിസ്റ്റുകൾ എത്തുന്നതായി കണക്കാക്കപ്പെടുന്നു.

(ബി) സംസ്ഥാന ടൂറിസം വകുപ്പും ഇൻഡ്യൻ എയർലൈൻസുമായി ഒപ്പുവച്ച ധാരണാ പത്രപ്രകാരം കെ.ടി.ഡി.സി.-യുടേതുൾപ്പെടെ കേരളത്തിലെ വിവിധ ഹോട്ടലുകളുമായി ചേർന്ന് ഇൻഡ്യൻ എയർലൈൻസ് ഒരു പാക്കേജ് നടപ്പാക്കിവരുന്നുണ്ട്. ഇതുകൂടാതെ കെ.ടി.ഡി.സി.-യും ഇൻഡ്യൻ റെയിൽവേയുമായി ചേർന്ന് "കെ.ടി.ഡി.സി.-റെയിൽ ഹോളിഡേയ്സ്" എന്ന പേരിൽ ഒരു പാക്കേജും നടപ്പാക്കിവരുന്നുണ്ട്. കൂടാതെ സംസ്ഥാനത്തുള്ള ഹോട്ടലുകളും, ടൂർ ഓപ്പറേറ്റർമാരും ടൂറിസ്റ്റ് സീസണിന്റെ അടിസ്ഥാനത്തിൽ സമയാസമയങ്ങളിൽ പ്രത്യേക പാക്കേജുകൾ ഉണ്ടാക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly